**Malayala Manorama**
**18 June 2018**
**Kuttanad: After Flood, Flood Victims**

# ജില്ലയിൽ ഇതുവരെ തകർന്നത് 254 വീടുകൾ

**■ 4.56 കോടിയുടെ കൃഷിനാശം ■ മഴ തുടരുന്നതിനാൽ നഷ്ടം പെരുകും**

കാക്കനാട് ● ഇത്തവണ കാലവർഷത്തിൽ ഇതുവരെ ജില്ലയിൽ 254 വീടുകൾക്കു കേടു സംഭവിച്ചതായി ദുരന്തനിവാരണ വിഭാഗം അറിയിച്ചു. 15 വീടുകൾ പൂർണമായും 239 വീടുകൾ ഭാഗികമായും തകർന്നു.

പറവൂരിൽ എട്ടു വീടുകൾ പൂർണമായും 45 വീടുകൾ ഭാഗികമായും തകർന്നു.

ആലുവ താലൂക്കിൽ മൂന്നു വീടുകൾ പൂർണമായും 38 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്. കണയന്നൂരിലും കൊച്ചിയിലും ഓരോ വീടുകളും മൂവാറ്റുപുഴയിൽ രണ്ടു വീടുകളും പൂർണമായും തകർന്നു. കുന്നത്തുനാട് 47, മൂവാറ്റുപുഴ 30, കൊച്ചി 20, കോതമംഗലം 29 എന്നിങ്ങനെയാണു ഭാഗികമായി തകർന്ന വീടുകളുടെ എണ്ണം.

നശിച്ച വാഴകൾ

**2,40,170**

**കാറ്റും മഴയും കൂടുതലായി ബാധിച്ചത് ഏത്തവാഴ കൃഷിയെ. 1,91,535 കുലച്ച വാഴകളും 48,635 കുലയ്ക്കാത്ത വാഴകളും ഇതുവരെ കാറ്റിൽ മറിഞ്ഞു.**

കാറ്റിലും മഴയിലും ജില്ലയിൽ 4.56 കോടിയുടെ കൃഷിനാശം സംഭവിച്ചിട്ടുണ്ടെന്നാണു പ്രാഥമിക കണക്ക്.

നഷ്ടക്കണക്ക് കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. കൃഷിഭവനുകളിൽ നിന്നുള്ള പ്രാഥമിക റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുള്ളതാണ് ഇപ്പോഴത്തെ കണക്ക്.

ഏത്തവാഴ കൃഷിയാണു കൂടുതലും നശിച്ചത്. 1,91,535 കുലച്ച വാഴകളും 48,635 കുലയ്ക്കാത്ത വാഴകളും കാറ്റിൽ മറിഞ്ഞു. 20,145 ടാപ്പ് ചെയ്യുന്ന റബർ മരവും 7,710 ടാപ്പ് ചെയ്യാത്ത മരങ്ങളും നശിച്ചു. 3,388 കായ്ക്കുന്ന അടയ്ക്കാ മരങ്ങളും 250 കായ്ക്കാത്ത അടയ്ക്കാ മരങ്ങളും മറിഞ്ഞു. 1,737 തെങ്ങുകളും നശിച്ചു. 12 ഹെക്ടറിലെ പച്ചക്കറി കൃഷിയും ഏഴു ഹെക്ടറിലെ നെല്ലും 29 ഹെക്ടറിലെ മരച്ചീനിയും വെള്ളത്തിൽ മുങ്ങി.

ജില്ലയിലെ കിഴക്കൻ മേഖലകളിലാണു കൃഷി നഷ്ടം കൂടുതൽ.

കാലവർഷം തുടങ്ങുംമുൻപു വേനൽമഴയിലും കോടികളുടെ കൃഷി നശിച്ചിരുന്നു.

വിശദമായ കണക്ക് ശേഖരിച്ചു സർക്കാരിനു സമർപ്പിക്കുമെന്ന് അധികൃതർ പറഞ്ഞു.

നഷ്ടപരിഹാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ പിന്നീടു തീരുമാനിക്കും.

കൃഷിനാശം നേരിട്ട കർഷകർ വ്യക്തിഗത അപേക്ഷകൾ കൃഷി ഭവനുകളിൽ സമർപ്പിക്കുന്നുണ്ട്. ഇതു പൂർത്തിയായാലേ നഷ്ടത്തിന്റെ യഥാർഥ കണക്ക് തിട്ടപ്പെടുത്താനാകൂ.